**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2611** **07-07-2022 - ൽ മറുപടിയ്ക്ക്**

**കരുവന്നൂർ സഹകരണ ബാങ്ക് തട്ടിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ ,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | കരുവന്നൂർ സഹകരണ ബാങ്ക് തട്ടിപ്പിൽ ഉൾപ്പെട്ട് സസ്പെൻഷനിലായ ജീവനക്കാരെ തിരിച്ചെടുത്തു കൊണ്ട് സർക്കാർ തട്ടിപ്പുകാരെ സംരക്ഷിക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദാംശം നൽകുമോ; | (എ) | ടി ബാങ്കിലെ സാമ്പത്തിക ക്രമക്കേടുകളിൽ വകുപ്പ് ഉദ്യോഗസ്ഥർക്ക് പങ്കുണ്ടെന്ന് അന്വേഷണത്തിൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ടി ഉദ്യോഗസ്ഥർ ആഡിറ്റു- മായും ഇൻസ്പെക്ഷനുമായും ബന്ധപ്പെട്ട് ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തിയതിനാണ് ടി ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്ത് അച്ചടക്ക നടപടി സ്വീകരിച്ചുവരുന്നത്. സ്പെൻഷനിലായിരുന്ന ഉദ്യോഗസ്ഥർക്കെതിരായ അന്വേഷണം പൂർത്തിയായ സാഹചര്യത്തിലാണ് സസ്പെൻഷൻ പിൻവലിച്ചിട്ടുള്ളത്. |
| (ബി) | കരുവന്നൂർ ബാങ്ക് തട്ടിപ്പ് അന്വേഷിക്കുന്നതിനായി ഉന്നതതല സമിതി രൂപീകരിച്ചിരുന്നോ; പ്രസ്തുത സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; | (ബി) | കരുവന്നൂർ സഹകരണ ബാങ്ക് തട്ടിപ്പ് അന്വേഷിക്കുന്നതിനായി ഉന്നതതല സമിതി രൂപീകരിച്ചിരുന്നതും പ്രസ്തുത സമിതി അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണ്. |
| (സി) | എങ്കിൽ പ്രസ്തുത റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയായിരുന്നുവെന്നും ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സസ്പെൻഷനിലായ ഉദ്യോഗസ്ഥർക്കെതിരെ ചുമത്തപ്പെട്ട കുറ്റങ്ങൾ എന്തെല്ലാമായിരുന്നുവെന്നും വിശദമാക്കാമോ; | (സി) | ഉന്നത തല സമിതി റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ ചുവടെ ചേർക്കുന്നു.<br><br>ബാങ്കിലെ വായ്പ വിതരണത്തിലും പ്രതിമാസ നിക്ഷേപ പദ്ധതിയിലും വ്യാപാര പ്രവർത്തനങ്ങളിലും ക്രമക്കേടുകൾ നടന്നിട്ടുണ്ട്.<br><br>ബാങ്കിൽ ഉപയോഗിക്കുന്ന സോഫ്റ്റ് വെയറിലും ഹാർഡ് വെയറിലും അടിസ്ഥാനപരമായി പാലിക്കേണ്ട സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കപ്പെട്ടിട്ടില്ല.<br><br>ബാങ്കിന്റെ പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്ന സഹകരണ വകുപ്പിന്റെ വിവിധ ആഫീസുകൾക്കും ഉദ്യോഗസ്ഥർക്കും ക്രമക്കേട് യഥാസമയം കണ്ടുപിടിക്കുന്നതിലും ക്രമക്കേടിന്മേൽ |

| | | | |
|---|---|---|---|
| | | | സമയബന്ധിതമായി തുടർനടപടി സ്വീകരിക്കുന്നതിലും വീഴ്ച സംഭവിച്ചിട്ടുണ്ട്.<br><br>ബാങ്കിലെ സെക്രട്ടറി, ബ്രാഞ്ച് മാനേജർ, സീനിയർ അക്കൗണ്ടന്റ് തുടങ്ങി 5 ജീവനക്കാരും ഭരണ സമിതിയും മറ്റ ചിലരും സംഘടിതമായാണ് ക്രമക്കേട് നടത്തിയിട്ടുള്ളത്.<br><br>നിക്ഷേപകർക്ക് നിക്ഷേപത്തുക തിരിച്ചുനൽകാൻ കഴിയാത്ത ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി ബാങ്കിൽ നിലനിൽക്കുന്നു.<br><br>ബാങ്കിന്റെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന് കിട്ടേണ്ട തുകകൾ പിരിച്ചെടുക്കുന്നതിനും സാമ്പത്തിക ബാദ്ധ്യത പരിഹരിക്കുന്നതിനുമുള്ള ഒരു പുനരുദ്ധാരണ പദ്ധതി തയ്യാറാക്കേണ്ടതാണ്.<br><br>സഹകരണ സംഘങ്ങളുടെയും വകുപ്പിന്റെയും പ്രവർത്തനങ്ങളിൽ കാലോചിതമായ പരിഷ്കരണങ്ങൾക്ക് സഹകരണ നിയമ ഭേദഗതിയും സഹകരണ വകുപ്പ് പുന:സംഘടനയും അടിയന്തിരമായി നടപ്പിലാക്കേണ്ടതുണ്ട്.<br><br>സസ്പെൻഷനിലായ സഹകരണ വകുപ്പ് ഉദ്യോഗസ്ഥർ ബാങ്കിന്റെ ആഡിറ്റുമായും ഇൻസ്പെക്ഷനുമായും ബന്ധപ്പെട്ട് ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തിയെന്നാണ് ഉന്നത തല സമിതി കണ്ടെത്തിയിരുന്നത്. ബാങ്കിന്റെ നിയന്ത്രണ ചുമതല വഹിച്ചിരുന്ന യൂണിറ്റ് ഇൻസ്പെക്ടർമാർ, കൺകറന്റ് ആഡിറ്റർമാർ, മുകുന്ദപുരം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)മാർ, മുകുന്ദപുരം അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്)മാർ, തൃശ്ശൂർ ജോയിന്റ് രജിസ്ട്രാർ (ജനറൽ)മാർ, തൃശ്ശൂർ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്)മാർ എന്നിവർക്ക് കൃത്യനിർവ്വഹണത്തിൽ വീഴ്ച സംഭവിച്ചിട്ടുണ്ടെന്നും ഉന്നത തല സമിതി കണ്ടെത്തി റിപ്പോർട്ട് ചെയ്തിരുന്നു. |
| (ഡി) | സഹകരണ അഡീഷണൽ രജിസ്ട്രാർ നടത്തിയ അന്വേഷണത്തിൽ ഉന്നതതല സമിതി കണ്ടെത്തി റിപ്പോർട്ട് ചെയ്ത കാര്യങ്ങൾക്ക് തെളിവില്ല എന്ന് ബോധ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അന്വേഷണ റിപ്പോർട്ടിലെ പ്രസക്ത ഭാഗങ്ങൾ വ്യക്തമാക്കുമോ? | (ഡി) | ഉന്നത തല സമിതി വകുപ്പ് ഉദ്യോഗസ്ഥരുടെ കൃത്യ നിർവ്വഹണത്തിലെ വീഴ്ച ചൂണ്ടി കാട്ടിയിരുന്നു. എന്നാൽ അഡീഷണൽ രജിസ്ട്രാർ (കൺസ്യൂമർ) നടത്തിയ ഔപചാരിക അന്വേഷണത്തിലാണ് ഉദ്യോഗസ്ഥരുടെ ഭാഗത്തുണ്ടായ വീഴ്ചയുടെ നിജസ്ഥിതി വെളിവായിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ